**കേരള സർക്കാർ**
പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്

നം.2541/എം.സി1/10/പൊ.ഭ.വ — തിരുവനന്തപുരം, തീയതി.2.2.2010.

**സർക്കുലർ**

വിഷയം: - ന്യൂനപക്ഷ ക്ഷേമം-കളക്ടറേററുകളിൽ രൂപീകരിച്ച ന്യൂനപക്ഷ ക്ഷേമ സെക്ഷന്റെ ചുമതലകൾ നിർണ്ണയിച്ചു നൽകുന്നത് -സംബന്ധിച്ച്.

സൂചന: - 1) 12.2.09- ലെ സ.ഉ.(കൈ) നം. 39/2009/പൊഭവ ഉത്തരവ്.

2) ആഭ്യന്തര (എഫ്) വകുപ്പിന്റെ 14.5.2009 ലെ 34393/എഫ്.3/09/ ആഭ്യന്തരം നമ്പർ കത്ത്.

ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിററി സർക്കാരിനു സമർപ്പിച്ച ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സൂചന ഒന്ന് പ്രകാരം കളക്ടറേററുകളിൽ ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ എൽ.ഡി.ക്ലാർക്ക് തസ്തിക സൃഷ്ടിക്കുകയുണ്ടായി. സംസ്ഥാനസർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മതന്യൂനപക്ഷ ക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജനവിഭാഗങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനും, അവരുടെ ആവശ്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുമാണ് പ്രസ്തുത ന്യൂനപക്ഷ ക്ഷേമ സെക്ഷൻ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ന്യൂനപക്ഷ ക്ഷേമ സെക്ഷൻ ചുവടെക്കൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

**1. പാലോളി മുഹമ്മദ് കുട്ടി കമ്മിററി റിപ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ് /ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ആവശ്യക്കാർക്ക് നൽകുക.

ബി) അഭ്യസ്തവിദ്യരും തൊഴിലന്വേഷകരുമായ മുസ്ലീം യുവജനതയ്ക്ക് മൽസരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് ആരംഭിക്കുന്ന പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുക.

സി) മദ്രസ്സാദ്ധ്യാപക ക്ഷേമനിധി സംബന്ധിച്ച വിവരങ്ങൾ നൽകുക. അപേക്ഷാ ഫാറം വിതരണം ചെയ്യുക. പൂരിപ്പിച്ച അപേക്ഷകൾ ശേഖരിച്ച് കോഴിക്കോട് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് മാനേജർക്ക് കൈമാറുക.

ഡി) മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളുടെ വികസനത്തിന് ഉതകുന്ന തരത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മററ് പരിപാടികൾ സംബന്ധിച്ച കാര്യങ്ങൾ ചെയ്യുക.

**2. ഹജ്ജ് സംബന്ധമായ കാര്യങ്ങൾ**

എ) ഓരോ വർഷവും ഹജ്ജ് യാത്രയ്ക്ക് അപേക്ഷിക്കുന്നവർക്ക് വേണ്ടി ഹജ്ജ് കമ്മിററി നൽകുന്ന അപേക്ഷാ ഫാറങ്ങൾ വിതരണം ചെയ്യുക.

ബി) ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാന ഹജ്ജ് കമ്മിററി കൈമാറുന്ന വിവരങ്ങൾ ജനങ്ങളെ അറിയിക്കുക.

3. വഖഫ് ബോർഡിനെ സംബന്ധിച്ച കാര്യങ്ങൾ

എ) വഖഫ് ബോർഡ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളെ അറിയിക്കുക.

ബി) വിവിധ പദ്ധതികളുടെ അപേക്ഷാ ഫാറങ്ങൾ വിതരണം ചെയ്യുക.

കൂടാതെ, പാലൊളി കമ്മിററി റിപ്പോർട്ട് പ്രകാരമുള്ള വിവിധ പദ്ധതികൾ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള വിവിധ പദ്ധതികൾ, പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടികൾ, ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ മൾട്ടി സെക്ററൽ ഡെവലപ്മെന്റ് പ്രോഗ്രാം, കേന്ദ്ര സർക്കാർ ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി എന്നീ മത വിഭാഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവയുടെ ജില്ലാതലത്തിലുള്ള ഏകോപനം എന്നിവ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ മുഖേന നടപ്പാക്കേണ്ടതാണ്.

**ജി.പി. രാമചന്ദ്രൻ,**
**അഡീഷണൽ സെക്രട്ടറി.**

എല്ലാ ജില്ലാകളക്ടർമാർക്കും.
എല്ലാ ജില്ലാ ഡെപ്യൂട്ടി കളക്ടർ (ജനറൽ)മാർക്കും.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (മാധ്യമങ്ങളിലൂടെ പ്രചാരം നൽകുന്നതിനും ഔദ്യോഗിക വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
ഡയറക്ടർ,കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് (അനക്സ്), സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ, പരിശീലനകേന്ദ്രം, പഴയ ഹജ്ജ് കമ്മിററി ബിൽഡിംഗ്, പുതിയറ. പി.ഒ, കോഴിക്കോട് -04.
മാനേജർ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, പുതിയറ പി.ഒ, കോഴിക്കോട് -04.
ചെയർമാൻ, കേരള സംസ്ഥാന ഹജ്ജ് കമ്മിററി, കരിപ്പൂർ, കൊണ്ടോട്ടി, മലപ്പുറം ജില്ല.
ചെയർമാൻ, സംസ്ഥാന വഖഫ് ബോർഡ്, വി.ഐ.പി. റോഡ്, കലൂർ, എറണാകുളം ജില്ല.
ആഭ്യന്തര (എഫ്) വകുപ്പ്.
റവന്യൂ (എഫ്) വകുപ്പ്.
പൊതുഭരണ (എം.സി2) വകുപ്പ്.

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ആഫീസർ.**